പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 349                  14/10/2011 ൽ മറുപടിയ്ക്ക്

## അവിവാഹിതരായ അമ്മമാർ

ചോദ്യം                  ഉത്തരം

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി:

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :          ഡോ. എം.കെ. മുനീർ:

ശ്രീ. എം. ഉമ്മർ :          (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അവിവാഹിതരായ അമ്മമാർക്ക് സമൂഹത്തിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളേയും കുറിച്ച് പഠനങ്ങളെന്തെങ്കിലും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇവർ സമൂഹത്തിൽ നിന്ന് നേരിടുന്ന അപമാനവും, അവഗണനയും ശിശുഹത്യകളിലേയ്ക്കും അമ്മമാരുടെ ആത്മഹത്യയിലേക്കും നയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഇതിനു പരിഹാരമായി എന്തൊക്കെ നടപടികളാണ് ഇവർക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിപ്രകാരം ഇത്തരത്തിൽ ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകൾക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്. |
| (ഡി) ഈ പ്രശ്നം സമഗ്രമായി പഠിക്കുന്നതിനും , ഉത്തരവാദികളായ വരെ കണ്ടെത്തി നടപടി സ്വീകരിക്കുന്ന തിനും അത്തരം അമ്മമാരുടേയും, കുഞ്ഞുങ്ങളുടേയും സംരക്ഷണത്തിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു |

R. Vijayan

സെക്ഷൻ ഓഫീസർ